# പരിസ്ഥിതിമിത്രം അവാർഡ് അമൃത വിശ്വവിദ്യാപീഠത്തിന്

കൊല്ലം: ഈ വർഷത്തെ സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതിമിത്രം അവാർഡിന് അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസ് അർഹരായി.

എൻവയോൺമെന്റൽ കൺസെർവഷൻ ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിൽ കാഴ്ചവച്ച മികച്ച പ്രകടനം കണക്കിലെടുത്താണ് പുരസ്കാരം.

ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയിൽ നിന്നും അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസ് ഡയറക്ടർ ബ്രഹ്മചാരി ദേവീദാസ ചൈതന്യ, അമൃത സ്കൂൾ ഓഫ്എൻജിനീയറിങ് ഡീൻ ഡോ. ബാലകൃഷ്ണൻ ശങ്കർ, അസോസിയേറ്റ് ഡീൻ ഡോ. എസ് എൻ ജ്യോതി, അമൃത സസ്റ്റെയ്നബിൾ സോളിഡ് വേസ്റ്റ് മാനേജ്മന്റ് സെന്റർ വിഭാഗം മേധാവി, ബ്രഹ്മചാരി രാഗേഷ്, വിഷ്ണു വിജയ്, എസ് നിതിൻ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും ഉൾപ്പെടുന്നതാണ് പുരസ്കാരം.



മുഖ്യമന്ത്രിയിൽ നിന്നും അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസ് ഡയറക്ടർ ദേവീദാസ ചൈതന്യ പുരസ്കാരം സ്വീകരിക്കുന്നു